ഉത്തരം

(എ & ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഉടുമ്പൻചോല മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം

82 (4363) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ അപകടാവസ്ഥയിലുള്ളതും വീതി കുറഞ്ഞതുമായ ഏതെല്ലാം പാലങ്ങൾ പുതുക്കിപ്പണിയുന്നതിന് പി. ഡബ്ല്യു.ഡി. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ;

(ബി) ഏതെല്ലാം പാലങ്ങളുടെ നിർമ്മാണത്തിനാണ് നബാർഡ് ധനസഹായം ഉള്ളത് ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാം ഘട്ടങ്ങളിലാണ് ;

(ഡി) നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. ചെമ്മണ്ണാൻ പാലം, 2. കനകപ്പുഴ പാലം എന്നിവ പുതുക്കിപ്പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) കനകപ്പുഴ പാലം നബാർഡ് സഹായത്തോടെയാണ് നിർമ്മിക്കുന്നത്.

(സി & ഡി) കനകപ്പുഴ പാലത്തിന്റെ അടിത്തറയുടെ നിർമ്മാണ ജോലികൾ ആരംഭിച്ചിട്ടുണ്ട്. 31-3-2004 -നകം പാലം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

കലുങ്ക് നിർമ്മിക്കാൻ നടപടി

83 (4364) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തീർപ്പാടം-പയമ്പ്ര റോഡിൽ പണ്ടാരപ്പറമ്പിൽ കലുങ്ക് വേണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് നിർമ്മിക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) പണി എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കലുങ്ക് നിർമ്മാണപ്രവൃത്തി നോൺ പ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടെണ്ടർ ചെയ്ത് കരാർ ഉറപ്പിച്ചുകഴിഞ്ഞാൽ മാത്രമേ പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly